**പതിനാലാം കേരള നിയമസഭ**

**പതിനാൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **11.03.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 2098**

**ബി.പി.സി.എല്ലിൽ സംസ്ഥാനത്തിന്റെ ഓഹരി വിഹിതം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. ദാസൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേരള സർക്കാർ മുൻകൈയെടുത്ത് സ്ഥാപിച്ച കൊച്ചിൻ റിഫൈനറിയെ ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാന ഓഹരി നിലനിർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കൊച്ചി റിഫൈനറീസ് ലിമിറ്റഡ് (കെആർഎൽ) ബി.പി.സി.എല്ലുമായി ലയിപ്പിച്ചതിനാൽ ബി.പി.സി.എൽ ന്റെ ബോർഡിൽ ലയനത്തിനു ശേഷം ഒരു സർക്കാർ നോമിനിയെ നിയമിച്ചിട്ടുള്ളതാണ്. നിലവിൽ ബി.പി.സി.എൽ ൽ 1,86,66,666 ഇക്വിറ്റി ഷെയറുകൾ മൊത്തം ഓഹരി മൂലധനത്തിന്റെ 0.86% ആണ് കേരളത്തിനുള്ളത്. |
| (ബി) | നിലവിൽ ബി.പി.സി.എൽ. കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തുനിയുമ്പോൾ പ്രസ്തുത ഓഹരികൾക്ക് എന്തെങ്കിലും തരത്തിലുള്ള മാറ്റം സംഭവിക്കുമോ; വിശദമാക്കാമോ; | (ബി) | ഇക്കാര്യത്തിൽ ഇപ്പോൾ അഭിപ്രായം പറയാൻ കഴിയുന്നതല്ല. |
| (സി) | ബി.പി.സി.എൽ. സ്വകാര്യ വൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്ക് പദ്ധതിയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കാമോ? | (സി) | 25,000 കോടി രൂപ മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരികയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടതിനാൽ പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിച്ചേക്കാം; കൂടാതെ സ്വകാര്യവൽക്കരണം പ്രതിവർഷം നികുതി ഇനത്തിൽ സർക്കാരിന് ലഭിക്കുന്ന ഭീമമായ തുക ഇല്ലാതാക്കും. റിഫൈനറിയുടെ പരിസരത്തെ ജനങ്ങളുടെ ക്ഷേമത്തിനായി CSR ന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ക്ഷേമപ്രവർത്തനങ്ങൾ പൂർണ്ണമായി നിലയ്ക്കുന്ന അവസ്ഥയും നിർദ്ദിഷ്ട സ്വകാര്യവൽക്കരണത്തിന്റെ ദോഷഫലങ്ങളായി സംജാതമാകും. |

**സെക്ഷൻ ഓഫീസർ**